# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് നാല്പത്താറ്

## ആദ്യഫലം

Mon പന്ത്രണ്ടാം അധ്യായത്തിൽ ഒരു ആൺകുട്ടിയെ ഗർഭംധരിക്കുകയും ഒരു മഹാവ്യാളിയെ നേരിടുകയും ചെയ്യുന്ന ഒരു സാർവത്രികസ്ത്രീയുടെ വ്യക്തമായ ദർശനം നാം കണ്ടു. ഈ അടയാളത്താൽ നാം എല്ലാവരും ആഴമായി സ്വാധീനിക്കപ്പെട്ടു. പതിമൂന്നാം അധ്യായത്തിൽ എതിർക്രിസ്തു, കള്ളപ്രവാചകൻ എന്നീ രണ്ടു മൃഗങ്ങളെ നാം കണ്ടു; രണ്ടുപേരും ദൈവത്തെ എതിർക്കുന്നതിനും ദൈവത്തിന്റെ വ്യവസ്ഥയുടെ പൂർത്തീകരണത്തെ തടസ്സപ്പെടുത്തുന്നതിനും സാത്താനെന്ന വ്യാളിയുമായി കൂട്ടുകൂടുന്നു. ഇതിനെതുടർന്ന്, പതിന്നാലാം അധ്യായത്തിൽ കൂടുതൽ നിർണായകമായ വിഷയങ്ങൾ ഉണ്ട്. ഇവിടെ നാം ആദ്യഫലത്തെ മാത്രമല്ല കാണുന്നത് (വാ. 1-5), പിന്നെയോ നിത്യസുവിശേഷം പ്രസംഗിക്കുന്നത് (വാ. 6-7), മതപരമായ ബാബിലോണിന്റെ വീഴ്ച (വാ. 8), മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കുന്നതിനെതിരെയും മുദ്രയ്ക്കെതിരെയുമുള്ള മുന്നറിയിപ്പ് (വാ. 9-11), മഹോപദ്രവകാലത്തെ രക്തസാക്ഷിത്വം (വാ. 12-13) എന്നിങ്ങനെ ആദ്യഫലം എടുക്കപ്പെട്ടതിനുശേഷം നടക്കുന്ന തുടർന്നുള്ള കാര്യങ്ങളും കാണുന്നു (വാ. 6-13). ഇതുകൂടാതെ, പതിന്നാലാം അധ്യായം കൊയ്ത്തിനെയും (വാ. 14-16), വലിയ മുന്തിരിച്ചക്കിനെയും (വാ. 17-20) അനാച്ഛാദനം ചെയ്യുന്നു. പതിന്നാലാം അധ്യായത്തിൽ നാലു മുഖ്യ വിഭാഗങ്ങളുണ്ട്: ആദ്യഫലത്തിന്റെ ഉൾപ്രാപണം; ആദ്യഫലം എടുക്കപ്പെട്ടതിനുശേഷമുള്ള തുടർന്നുള്ള കാര്യങ്ങൾ; വിശ്വാസികളിൽ ഭൂരിഭാഗത്തിന്റെ വിളവെടുപ്പെന്ന കൊയ്ത്ത്; ഭൂമിയിലുള്ള ദുഷ്ടജനത്തിന്റെ കൊയ്ത്തെന്ന വലിയ മുന്തിരിച്ചക്ക്. അങ്ങനെ, അന്ത്യകാലത്ത് ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഓരോ വ്യക്തിയോടും എങ്ങനെ ഇടപെടുന്നുവെന്ന് ഈ അധ്യായം വെളിപ്പെടുത്തുന്നു.

ഭൂമിയിലുള്ള എല്ലാവരും ദൈവത്തിന്റെ ജനവും ദൈവത്തിന്റെ ജനമല്ലാത്തവരും എന്നീ രണ്ടു വിഭാഗങ്ങളിൽ ഒന്നിൽപ്പെടുന്നു. ദൈവത്തിന്റെ ജനം ക്രിസ്ത്യാനികളും ദൈവഭയമുള്ള യിസ്രായേല്യരും

അടങ്ങുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട നൂറ്റിനാല്പത്തിനാലായിരം യിസ്രായേല്യരെ മുദ്രയിടുന്ന ദർശനത്തോടുകൂടെയുള്ള ഏഴാം അധ്യായത്തിൽ യിസ്രായേല്യരെക്കുറിച്ച് പ്രതിപാദിച്ചുകഴിഞ്ഞതുകൊണ്ട് ഈ അധ്യായത്തിൽ അവരെക്കുറിച്ചു പറയുന്നില്ല. ഈ അധ്യായം തന്റെ ജനത്തിലെ ക്രിസ്തീയ ഭാഗത്തോടുള്ള ദൈവത്തിന്റെ ഇടപെടലിനെ തുറന്നുകാണിക്കുന്നു. തന്റെ ജനത്തിന്റെ ഈ ഭാഗത്തിൽ രണ്ടു മുഖ്യ വിഭാഗങ്ങളുണ്ട്: നേരത്തേ പാകമാകുന്നവരായ ആദ്യഫലവും, പിന്നീട് പാകമാകുന്നവരായ കൊയ്ത്തും. ആദ്യഫലത്തിന്റെയും കൊയ്ത്തിന്റെയും ഉൾപ്രാപണത്തിനിടയിൽ നാലു കാര്യങ്ങൾ സംഭവിക്കും: നിത്യസുവിശേഷം പ്രസംഗിക്കുന്നതും, മഹാബാബിലോണിന്റെ, അതായത് റോമൻ കത്തോലിക്കാസഭ എന്ന മതപരമായ ബാബിലോണിന്റെ വീഴ്ചയും, മൃഗത്തെ ആരാധിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പും, മഹോപദ്രവകാലത്തുള്ള വലിയ രക്തസാക്ഷിത്വവും. കൊയ്ത്തിനുശേഷം, ക്രിസ്ത്യാനികളുടെ ഇടയിലുള്ള സാഹചര്യം വെടിപ്പാക്കപ്പെടും. എന്നാൽ ദൈവത്തിന്റെ ജനമല്ലാത്തവർ അപ്പോഴും ഭൂമിയിലുണ്ടാകും. അവർ ദൈവത്തിന്റെ നിലത്തിലെ ഗോതമ്പായിട്ടല്ല, ദുർന്നിലത്തിലെ മുന്തിരിയായി എണ്ണപ്പെടും. ഈ മുന്തിരി വലിയ മുന്തിരിച്ചക്കിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും കർത്താവായ യേശുവിനാൽ ചവിട്ടിമെതിക്കപ്പെടുകയും ചെയ്യും (വാ. 19-20). ആ സമയം മുഴുവൻ ഭൂമിയും വെടിപ്പാക്കപ്പെടും. അങ്ങനെ, ഭൂമിയിലുള്ള സകലരോടും എങ്ങനെ ഇടപെടുമെന്ന സാഹചര്യത്തെ വെളിപ്പെടുത്തുന്ന വളരെ പ്രധാനപ്പെട്ട ഒരു അധ്യായമാണ് പതിന്നാലാം അധ്യായം. ദൈവം ജ്ഞാനിയും നീതിമാനും സർവാധികാരിയും ആണ്. അവന്റെ ജ്ഞാനത്താലും, നീതിയാലും സർവാധികാരത്താലും ശരിയായ രീതിയിലും ശരിയായ സമയത്തും ഭൂമിയിലുള്ള സകലരോടും അവൻ ഇടപെടും. അവനെ സ്തുതിക്കുക!

വേദപുസ്തകത്തിൽ പ്രവചിച്ചിരിക്കുന്നത് ഒരു തത്ത്വം മാത്രമാണ്. നമുക്ക് വിശദാംശങ്ങളില്ല. വരുവാൻപോകുന്ന സകലത്തിന്റെയും വിശദാംശങ്ങൾ കർത്താവു നമുക്ക് തന്നിരുന്നുവെങ്കിൽ, വേദപുസ്തകത്തിന് ആയിരക്കണക്കിന്ന താളുകൾ ഉണ്ടായിരിക്കുകയും, അതിനെ കൊണ്ടുനടക്കുവാൻ കഴിയാതെവരുകയും ചെയ്യുമായിരുന്നു. അവന്റെ പരിജ്ഞാനത്തിനായി കർത്താവിന് സ്തോത്രംചെയ്യാം. ബാബിലോൺ മുതൽ പത്തു രാജാക്കന്മാരോടുകൂടെയുള്ള നവീകരിക്കപ്പെട്ട റോമാസാമ്രാജ്യം വരെയുള്ള സകല ലോകശക്തികളും ഒരു സ്വപ്നത്തിൽ നെബൂഖദ്നേസർ കണ്ട വലിയ ബിംബത്താൽ പ്രതിനിധീകരിക്കപ്പെടുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചു (ദാനീ. 2:31-33). തല ബാബിലോണിനെയും,

നെഞ്ചും കൈകളും മേദ്യ-പാർസ്യയെയും, വയറും തുടകളും യവനദേശത്തെയും, രണ്ടു കാലുകൾ റോമാസാമ്രാജ്യത്തെയും സൂചിപ്പിക്കുന്നു. ബിംബത്തിന്റെ കാലുകൾ സൂചിപ്പിക്കുന്നതുപോലെ റോമാസാമ്രാജ്യം രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടു എന്നത് ചരിത്രപരമായ ഒരു വസ്തുതയാണ്. കണങ്കാൽ സൂചിപ്പിക്കുന്ന കാലം അവ്യക്തമാണ്. ഇപ്പോൾ നാം ഈ അവ്യക്തമായ കാലത്താണ് ജീവിക്കുന്നത്. A.D. 476-ൽ റോമാസാമ്രാജ്യം അവസാനിപ്പിക്കപ്പെട്ടപ്പോൾ ഒരു ഇടവേള സൃഷ്ടിക്കപ്പെട്ടു, എന്നാൽ ഈ സമയത്ത് റോമൻ കത്തോലിക്കാസഭയാൽ ആ ഇടവേള നികത്തപ്പെട്ടു. ഈ നീണ്ട ഇടവേളയുടെ അവസാനത്തിൽ, റോമാസാമ്രാജ്യം നവീകരിക്കപ്പെടുകയും ബിംബത്തിന്റെ പത്തു കാൽവിരലുകളാൽ സൂചിപ്പിക്കപ്പെടുന്ന പത്തു രാജ്യങ്ങളിൽ പരിണതിപ്രാപിക്കുകയും ചെയ്യും. ദാനീയേൽ 2 പ്രകാരം, ഈ പത്തു രാജത്വങ്ങൾ കൈ തൊടാതെ പറിഞ്ഞുവരുന്ന ഒരു കല്ലിനാൽ തകർക്കപ്പെടും (വാ. 34-35). ഈ കല്ല്, നെബൂഖദ്നേസർ മുതൽ അവസാനത്തെ കൈസർ വരെയുള്ള സകലവും ഉൾപ്പെടുന്ന മുഴുവൻ ബിംബത്തെയും അടിക്കുവാൻ, സ്വർഗത്തിൽനിന്നും വരുന്നവനായ ക്രിസ്തു ആണ്. ലോകശക്തികളുടെ വിവിധ ഘട്ടങ്ങളുടെ വ്യക്തമായ ഒരു ചിത്രം നല്കേണ്ടതിന് മനുഷ്യശരീരത്തിന്റെ രൂപത്തെ ദൈവം തന്റെ ജ്ഞാനത്തിൽ ഉപയോഗിച്ചു. ഇതാണ് വേദപുസ്തകത്തിലുള്ള പ്രവചനത്തിന്റെ രീതിയും തത്ത്വവും. ഒരർഥത്തിൽ വേദപുസ്തകത്തിലെ പ്രവചനം വളരെ സംക്ഷിപ്തമാണ്.

ദൈവജനത്തിന്റെ ഉൾപ്രാപണത്തോടുള്ള ബന്ധത്തിലും തത്ത്വം ഇതുതന്നെയാണ്. ജയാളികളുടെ ഉൾപ്രാപണവും വിശ്വാസികളിലെ ഭൂരിഭാഗത്തിന്റെ ഉൾപ്രാപണവും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ഉൾപ്രാപണത്തിന്റെ ഈ വിഷയം നാം ഇരുപത്തൊമ്പതും മുപ്പതും ദൂതുകളിൽ വിവരിച്ചു. ഈ രണ്ടു തരത്തിലുള്ള ഉൾപ്രാപണങ്ങളുടെ തത്ത്വത്തെ അടിസ്ഥാനമാക്കി നാം ഇപ്പോൾ ആദ്യഫലത്തിലേക്കു വരുന്നു.

## I. ആദ്യഫലം

### A. ആദ്യഫലം ദൈവത്തിനും കുഞ്ഞാടിനും

വാക്യം 4-ൽ പറഞ്ഞിരിക്കുന്ന ദൈവത്തിനും കുഞ്ഞാടിനുമുള്ള ആദ്യഫലം ദൈവത്തിന്റെ വിളവിൽ നേരത്തേ പാകമാകുന്നവരാണ്. നേരത്തെയുള്ള ഈ ജയാളികൾ ദൈവത്തിന്റെ വയലിൽ ആദ്യം വിളയുന്നവരായിരിക്കും. തന്മൂലം, വിളവെടുപ്പിനുമുമ്പ് ഇവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി കൊയ്യും. 14 മുതൽ 16 വരെയുള്ള വാക്യങ്ങളനുസരിച്ച്, വിളവെടുപ്പ് പിന്നീട് കൊയ്യും.

വിളവെടുപ്പിനുമുമ്പ് നല്ലദേശത്തിലെ ആദ്യഫലം കൊയ്യുകയും ദൈവാലയത്തിലേക്ക് കൊണ്ടുവരികയും ചെയ്യതുപോലെ (ലേവ്യ. 23:10-11; പുറ. 23:19), കൊയ്ത്തിനുമുമ്പ് അവർ എടുക്കപ്പെടുമെന്ന് ഇത് അർഥമാക്കുന്നു. വാക്യം 6 മുതൽ 13 വരെ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെല്ലാം മഹോപദ്രവകാലത്ത് സംഭവിക്കും (മത്താ. 24:21) എന്നത്, 1 മുതൽ 5 വരെയുള്ള വാക്യങ്ങളിലെ ആദ്യഫലമായ ആദ്യ ജയാളികൾ മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടുമെന്നും, 14 മുതൽ 16 വരെയുള്ള വാക്യങ്ങളിലെ വിശ്വാസികളിൽ ഭൂരിഭാഗം ഉൾപ്പെടുന്ന കൊയ്ത്ത് മഹോപദ്രവത്തിന്റെ അന്ത്യത്തോടടുത്ത് എടുക്കപ്പെടുമെന്നും വ്യക്തമായി സൂചിപ്പിക്കുകയും ശക്തമായി തെളിയിക്കുകയും ചെയ്യുന്നു.

## B. നൂറ്റിനാല്പത്തിനാലായിരം

വാക്യം 1 പറയുന്നു, "ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നത് ഞാൻ കണ്ടു." ഈ സംഖ്യ അക്ഷരാർഥത്തിലാണോ ആലങ്കാരികമാണോ എന്ന കാര്യത്തിൽ കഴിഞ്ഞ കാലങ്ങളിൽ നിരവധി ഉപദേഷ്ടാക്കന്മാർ വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. നൂറ്റിനാല്പത്തിനാലായിരം എന്ന സംഖ്യ അക്ഷരാർഥത്തിലുള്ള സംഖ്യയല്ലെന്ന് ചിലരും, രണ്ടും മൂന്നും അധ്യായങ്ങളിലെ ഏഴു നഗരങ്ങൾ അക്ഷരാർഥത്തിലുള്ളതാണെന്നപോലെ നൂറ്റിനാല്പത്തിനാലായിരം എന്ന സംഖ്യയെയും അക്ഷരീയമായി എടുക്കണമെന്ന് മറ്റുചിലരും പറഞ്ഞു. ഈ സംഖ്യ യഥാർഥ സംഖ്യയായിരിക്കണം എന്നതിന് സംശയമില്ലെങ്കിലും, ഒരു പ്രതീകാത്മകമായ അർഥത്തോടുകൂടിയതാണ്. ഈ സംഖ്യ അക്ഷരീയമാണെങ്കിലും, അതിന് ഒരു ആത്മിക സൂചിതാർഥമുണ്ട്. ഒരു നിശ്ചിതമായ തത്ത്വം പ്രയോഗിക്കുന്നതിലൂടെ നമുക്ക് ഈ സംഖ്യയുടെ ആത്മിക സൂചിതാർഥത്തെ മനസ്സിലാക്കുവാൻ കഴിയും.

നൂറ്റിനാല്പത്തിനാലായിരം എന്നത് പന്ത്രണ്ടു മടങ്ങ് പന്ത്രണ്ടിനെ ആയിരംകൊണ്ടു ഗുണിക്കുന്നതാണ്. ദൈവത്തിന്റെ നിത്യഭരണനിർവഹണത്തിലെ പൂർത്തീകരണത്തിന്റെ സംഖ്യയാണ് പന്ത്രണ്ട്. നൂറ്റിനാല്പത്തിനാല് (21:17) പൂർത്തീകരണങ്ങളുടെ പൂർത്തീകരണത്തെ, പൂർണരീതിയിലുള്ള ആത്യന്തിക പൂർത്തീകരണത്തെ, സൂചിപ്പിക്കുന്ന പന്ത്രണ്ടു മടങ്ങ് പന്ത്രണ്ടാണ്. ഇവിടെ അത് ഈ ആത്യന്തിക പൂർത്തീകരണത്തിന്റെ ആയിരം മടങ്ങാണ്.

Tue പന്ത്രണ്ട് എന്ന സംഖ്യ ആറും ആറും ചേരുന്നതല്ല, പിന്നെയോ മൂന്നു മടങ്ങ് നാലാണ്. ഇതു ഞാൻ നിസാരമായോ ഒരു അടിസ്ഥാനമില്ലാതെയോ പറയുന്നതല്ല. പന്ത്രണ്ട് എന്ന

വേദപുസ്തകപരമായ സംഖ്യ മൂന്നു മടങ്ങ് നാല് ചേരുന്നതാണ്. പുതിയ യെരൂശലേം പന്ത്രണ്ടുകളുടെ ഒരു നഗരമാണ്—പന്ത്രണ്ട് അടിസ്ഥാനങ്ങൾ, പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകൾ (21:14), പന്ത്രണ്ട് കവാടങ്ങൾ, പന്ത്രണ്ട് ദൂതന്മാർ, പന്ത്രണ്ട് യിസ്രായേൽ ഗോത്രങ്ങളുടെ പേരുകൾ (21:12), പന്ത്രണ്ട് മുത്തുകൾ (21:21), പന്ത്രണ്ട് മാസങ്ങൾ, പന്ത്രണ്ടുതരം ഫലങ്ങൾ (22:2). അതിന്റെ മതിലിന്റെ ഉയരം നൂറ്റിനാല്പത്തിനാല് മുഴവും (പന്ത്രണ്ട് മടങ്ങു പന്ത്രണ്ട്, 21:17), അതിന്റെ അളവുകൾ പന്ത്രണ്ടായിരം (ആയിരം മടങ്ങു പന്ത്രണ്ട്, 21:16) സ്റ്റഡിയയും ആണ്. എല്ലാ രീതിയിലും പുതിയ യെരൂശലേം പന്ത്രണ്ടുകളുടെ ഒരു നഗരമാണ്. പുതിയ യെരൂശലേമിലെ പന്ത്രണ്ട് എന്ന സംഖ്യ മൂന്നു മടങ്ങ് നാലു ചേരുന്നതാണെന്ന് നഗരത്തിന്റെ നാലു വശങ്ങളിൽ മൂന്നുവീതം കവാടങ്ങളുണ്ടെന്ന വസ്തുതയാൽ നമുക്കറിയാം (21:13). മൂന്ന് എന്ന സംഖ്യ ത്രിയേകദൈവത്തെ സൂചിപ്പിക്കുന്നുവെന്നതിന് സംശയമില്ല. ഇരുപത്തൊന്നും ഇരുപത്തിരണ്ടും അധ്യായങ്ങളിലെ പുതിയ യെരൂശലേമിന്റെ ഛായാചിത്രം ത്രിയേകദൈവത്തെ വെളിപ്പെടുത്തുന്നു. 22:1-ൽ ജീവജലനദി പുറപ്പെട്ടുവരുന്ന ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തെ നാം കാണുന്നു. ഇവിടെ അവനെത്തന്നെ നഗരത്തിലേക്ക് പകരുന്ന പിതാവും പുത്രനും ആത്മാവും നമുക്കുണ്ട്. ഇതാണ് ത്രിയേകദൈവം. നഗരംതന്നെയ ും നാലെന്ന സംഖ്യയാൽ സൂചിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ സൃഷ്ടിയെ പ്രതി നിധീകരിക്കുന്നു (നാലു ജീവികൾ, 4:6). പുതിയ യെരൂശലേമിൽ അത് മൂന്നും നാലും ചേരുന്ന വിഷയമല്ല, മൂന്നു മടങ്ങു നാലിന്റെ വിഷയമാണ്. ഇന്ന് നമ്മുടെ സംഖ്യ, ഏഴു നിലവിളക്കുകളായ ഏഴു സഭകൾ എന്നപോലെ, ഏഴാണ്. എന്നാൽ നിത്യതയിൽ നമ്മുടെ സംഖ്യ, മനുഷ്യനുമായുള്ള ത്രിയേകദൈവത്തിന്റെ ഇഴുകിച്ചേരലിനെ സൂചിപ്പിക്കുന്ന, നാലു മടങ്ങു മൂന്നായ, പന്ത്രണ്ടായിരിക്കും. ഇക്കാരണത്താൽ, പന്ത്രണ്ടെന്ന സംഖ്യ മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഇഴുകിച്ചേരലിനെ സൂചിപ്പിക്കുന്നു. എത്ര അത്ഭുതകരം! ഈ ഇഴുകിച്ചേരൽ ദൈവത്തിന്റെ വ്യവസ്ഥയുടെ പൂർത്തീകരണത്തിന്, ദൈവത്തിന്റെ വ്യവസ്ഥാപരമായ ഭരണനിർ വഹണത്തിന്റെ പൂർത്തീകരണത്തിനു വേണ്ടിയാണ്. അതുകൊണ്ട്, പന്ത്രണ്ട് എന്ന സംഖ്യ ദൈവവ്യവസ്ഥയുടെ നിറവേറലിനുവേ ണ്ടിയുള്ള അവന്റെ ഭരണനിർവഹണത്തിലെ പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു.

ഇവിടെ പന്ത്രണ്ടെന്ന സംഖ്യ മാത്രല്ല, പന്ത്രണ്ട് ഗുണം പന്ത്രണ്ടിന്റെ ആയിരം മടങ്ങാണ്. പന്ത്രണ്ടു മടങ്ങ് പന്ത്രണ്ട് എന്നത് ദൈവത്തിന്റെ വ്യവസ്ഥയ്ക്കു വേണ്ടിയുള്ള അവന്റെ ഭരണനിർവ ഹണത്തിലെ പൂർത്തീകരണത്തിലെ ദൈവത്തിന്റെ വ്യവസ്ഥയ്ക്കു വേണ്ടിയുള്ള അവന്റെ ഭരണനിർവഹണത്തിലെ പൂർത്തീകരണത്തെ

അർഥമാക്കുന്നു. ഇത് ഉത്തമഗീതം, കർത്താധികർത്താവ്, രാജാധിരാജാവ് എന്നീ അഭിധാനങ്ങൾ പോലെയാണ്. പന്ത്രണ്ടിനെ പന്ത്രണ്ടുകൊണ്ടു ഗുണിക്കുന്നത് പൂർത്തീകരണങ്ങളുടെ പൂർത്തീകരണം എന്നാണർഥമാക്കുന്നത്. ഈ പൂർത്തീകരണം താൽക്കാലികമല്ല, നിത്യമാണ്. ഇത് ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടിയുള്ള ദൈവത്തിന്റെ ഭരണനിർവഹണത്തിലെ പൂർത്തീകരണമാണ്. ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനം പന്ത്രണ്ടിലെ പന്ത്രണ്ട്, പൂർത്തീകരണങ്ങളിലെ പൂർത്തീകരണമായിരിക്കുമെന്ന് മുഴുവൻ പ്രപഞ്ചത്തോടും പുതിയ യെരൂശലേം പ്രഖ്യാപിക്കും. നാം പുതിയ യെരൂശലേമിൽ ആയിരിക്കുമ്പോൾ, നാം നിത്യതയോളം ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനു വേണ്ടിയുള്ള ദൈവത്തിന്റെ ഭരണനിർവഹണത്തിലെ പൂർത്തീകരണമായിരിക്കും. എന്നാൽ പതിന്നാലാം അധ്യായത്തിൽ നമുക്ക് പന്ത്രണ്ടിനെ പന്ത്രണ്ടുകൊണ്ട് ഗുണിച്ചതിന്റെ ആയിരം മടങ്ങ്, അഥവാ പൂർത്തീകരണത്തിലെ പൂർത്തീകരണത്തിന്റെ ആയിരം മടങ്ങുണ്ട്. ഇതാണ് നൂറ്റിനാല്പത്തിനാലായിരം എന്ന സംഖ്യയുടെ സവിശേഷത. നൂറ്റിനാല്പത്തിനാലായിരം ആദ്യഫലം ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ നിർവഹണത്തിനുവേണ്ടിയുള്ള വിശ്വാസികളാണ്.

നമുക്കു മുമ്പേ പോയ നിരവധി ശ്രേഷ്ഠോപദേഷ്ടാക്കന്മാരുടെ തോളിന്മേൽ നിൽക്കുന്നവരായിരിക്കുവാൻ നാം ഭാഗ്യംചെയ്തവരാണ്. അവർക്കായി നാം കർത്താവിന് സ്തോത്രംചെയ്യുന്നു. ഈ സംഖ്യയുടെ പ്രാധാന്യത്തെ സംബന്ധിച്ച് നാം കണ്ടത് അവരുടെ അറിവിന്മേൽ അടിസ്ഥാനപ്പെട്ടതാണ്. എങ്കിലും, കർത്താവ് അവർക്ക് കാണിച്ചുകൊടുത്തതിനെക്കാൾ അല്പം കൂടുതൽ നമുക്കു കാണിച്ചുതന്നു. നൂറ്റിനാല്പത്തിനാലായിരം എന്ന സംഖ്യ അക്ഷരീയമാണെങ്കിലും, ജീവിച്ചിരിക്കുന്ന ഓരോ ജയാളിയും നിത്യതയോളമുള്ള ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിൽ അവന്റെ ഭരണനിർവഹണത്തിന്റെ പൂർത്തീകരണത്തിന്റെ ഒരു ഭാഗമാണെന്നു സൂചിപ്പിച്ചുകൊണ്ട്, അതിന് ഒരു ആത്മിക സൂചിതാർഥമുണ്ട്. ജീവിച്ചിരിക്കുന്ന ജയാളിയാകുന്നത് ഒരു വലിയ കാര്യമാണ്. ആദ്യഫലമായിരിക്കുന്നത് നിത്യതയോളമുള്ള ദൈവത്തിന്റെ വ്യവസ്ഥ നിറവേറ്റുവാൻ അവന്റെ ഭരണനിർവഹണത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയായിരിക്കുന്നതാണ്.

## C. ഭൂമിയിൽനിന്നു വിലയ്ക്കു വാങ്ങപ്പെട്ടവർ

നൂറ്റിനാല്പത്തിനാലായിരംപേർ "ഭൂമിയിൽനിന്ന് വിലയ്ക്കു വാങ്ങപ്പെട്ടവർ" ആയിരുന്നുവെന്ന് വാക്യം 3 പറയുന്നു. അവർ ഇനി ഭൂമിയിലില്ല, മറിച്ച് സ്വർഗത്തിലേക്ക്

എടുക്കപ്പെട്ടിരിക്കുന്നുവെന്ന് ഇതു തെളിയിക്കുന്നു. അവർ "ഭൂമിയിൽനിന്നു" വിലയ്ക്കു വാങ്ങപ്പെട്ടവർ ആയതുകൊണ്ട് 1 മുതൽ 5 വരെയുള്ള വാക്യങ്ങളുടെ സമയത്ത് ആദ്യഫലം ഭൂമിയിലില്ല. അവർ കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരും ഭൂമിയിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടവരും ആണ്.

## D. മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു

ആദ്യഫലം "മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങപ്പെട്ടവർ" ആണെന്ന് വാക്യം 4 പറയുന്നു. അവർ മനുഷ്യരുടെ ഇടയിൽ ഇല്ലെന്നും സ്വർഗത്തിലാണെന്നും ഇതു സൂചിപ്പിക്കുന്നു.

## E. സീയോൻമലയിൽ കുഞ്ഞാടിനോടുകൂടെ നിൽക്കുന്നു

ആദ്യഫലം സീയോൻമലയിൽ കുഞ്ഞാടിനോടുകൂടെ നിൽക്കുന്നു (വാ. 1). വാക്യം 1-ലെ സീയോൻ ഭൗമികമായ ഒന്നല്ല, സ്വർഗത്തിലെ സീയോനാണ് (എബ്രാ. 12:22). സീയോൻമലയിൽ കുഞ്ഞാടിനോടുകൂടെ നിൽക്കുന്നവർ, എതിർക്രിസ്തു മതത്തെ ഉപദ്രവിക്കുന്നതിനുമുമ്പ് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടവരാണ്. ഈ ഉൾപ്രാപണത്തിനുശേഷം എതിർക്രിസ്തു ജനത്തെ ഉപദ്രവിക്കുകയും അവനെ ആരാധിക്കുവാൻ നിർബന്ധിക്കുകയും ചെയ്യും. ജീവിച്ചിരിക്കുന്ന ജയാളികൾ മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടുന്നുവെന്ന് ഈ വസ്തുതയാൽ നമുക്കറിയാം.

## F. അവരുടെ നെറ്റിയിൽ കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും ഉണ്ട്

നൂറ്റിനാല്പത്തിനാലായിരംപേർക്ക് അവരുടെ നെറ്റിയിൽ കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്നു എന്നും വാക്യം 1 ചൂണ്ടിക്കാണിക്കുന്നു. ഇത് അവർ കുഞ്ഞാടിനോടും പിതാവിനോടും ഒന്നായിരിക്കുന്നതിന്റെയും, അവർ കുഞ്ഞാടിനും പിതാവിനും സ്വന്തമാണെന്നതിന്റെയും പദവിയാണ്. കുഞ്ഞാടിന്റെ നാമവും പിതാവിന്റെ നാമവും ഈ ആദ്യ ജയാളികളുടെ നെറ്റിയിൽ എഴുതിയിരിക്കുന്നത് മൃഗത്തിന്റെ പേര് അവനെ ആരാധിക്കുന്നവരുടെ നെറ്റിയിൽ എഴുതിയിരിക്കുന്നതിന് വിരുദ്ധമാണ് (13:16-17).

## G. ഒരു പുതിയ പാട്ടു പാടുന്നു

വാക്യം 3 പറയുന്നു, "അവർ സിംഹാസനത്തിനു മുമ്പാകെയും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെയും ഒരു പുതിയ പാട്ടു പാടുന്നു; ഭൂമിയിൽനിന്ന് വിലയ്ക്കു വാങ്ങപ്പെട്ട നൂറ്റിനാൽപത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിക്കുവാൻ കഴിഞ്ഞില്ല." നൂറ്റിനാല്പത്തിനാലായിരംപേർ സിംഹാസനത്തിനും,

നാലു ജീവികൾക്കും, മൂപ്പന്മാർക്കും മുമ്പാകെ ഒരു പുതിയ പാട്ടു പാടുന്നു. മറ്റാർക്കും ആവശ്യമായ അനുഭവം ഇല്ലാത്തതുകൊണ്ട്, ആദ്യഫലത്തെകൂടാതെ ആർക്കും ഈ പാട്ടു പഠിക്കുവാൻ കഴിഞ്ഞില്ല. പാട്ടുകൾ എപ്പോഴും അനുഭവത്തിൽനിന്നാണു വരുന്നത്. നിങ്ങൾക്ക് അനുഭവമില്ലെങ്കിൽ, ഒന്നിനെക്കുറിച്ചും പാടുവാനില്ല. നൂറ്റിനാല്പത്തിനാലായിരം ജയാളികൾക്ക് ക്രിസ്തുവിനെ സംബന്ധിച്ച നിശ്ചിതവും പ്രത്യേകവുമായ അനുഭവങ്ങൾ ഉള്ളതുകൊണ്ട്, മറ്റാർക്കും മനസ്സിലാക്കുവാൻ കഴിയാത്ത ഒരു പാട്ടു പാടുവാൻ കഴിയും. ചില ക്രിസ്ത്യാനികൾക്ക് നമ്മുടെ പാട്ടുകൾ മനസ്സിലാകുന്നില്ല. ഈ പാട്ടുകൾ വിചിത്രമാണെന്ന് അവർ പറഞ്ഞേക്കാമെങ്കിലും, അവ മാധുര്യമുള്ളതും രുചികരവുമാണെന്ന് നാം പറയുന്നു. ചില പാട്ടുകൾ നാം പാടുമ്പോഴെല്ലാം നാം മതിമറന്നാഹ്ലാദിക്കുന്നു. എന്നാൽ നാം എന്തിനെക്കുറിച്ചാണ് പാടുന്നതെന്ന് അനുഭവമില്ലാത്തവർ മനസ്സിലാക്കുന്നില്ല. അനുഭവമുള്ളവർക്കു മാത്രമേ നൂറ്റിനാല്പത്തിനാലായിരംപേരുടെ പാട്ടു പഠിക്കുവാൻ കഴിയുകയുള്ളൂ.

വാക്യം 2 പറയുന്നു, "പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും വലിയ ഇടിമുഴക്കംപോലെയും സ്വർഗത്തിൽ നിന്നൊരു ഘോഷം ഞാൻ കേട്ടു; ഞാൻ കേട്ട ഘോഷമോ കിന്നരവായനക്കാർ തങ്ങളുടെ കിന്നരങ്ങൾ വായിക്കുന്നതുപോലെ ആയിരുന്നു." പെരുവെള്ളം ശബ്ദത്തിന്റെ ഘോഷത്തെ സൂചിപ്പിക്കുകയും, വലിയ ഇടിമുഴക്കം ശബ്ദത്തിന്റെ ഗാംഭീര്യത്തെ സൂചിപ്പിക്കുകയും, കിന്നരവായനക്കാരുടെ ശബ്ദം ശബ്ദത്തിന്റെ മാധുര്യത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു.

വലിയ ഇടിമുഴക്കത്തിന്റെ ഗാംഭീര്യം സാത്താനെ ഭയപ്പെടുത്തും. ആ ദിവസം നൂറ്റിനാല്പത്തിനാലായിരംപേർ പാടുമ്പോൾ ശബ്ദായമാനമായിരിക്കും എന്നതിനാൽ, ഇന്നു നാം പാടുന്നതും ഏറെക്കുറെ ശബ്ദായമാനമായിരിക്കേണ്ടതല്ലേ? നാം എത്രയും ശബ്ദായമാനമായി പാടുന്നുവോ അത്രയും നല്ലത്. തീർച്ചയായും മതപരമായ ആളുകൾ ഇതിനെ കുറ്റംവിധിക്കും. നൂറ്റിനാല്പത്തിനാലായിരംപേർ പാടുന്നതിന്റെ ശബ്ദം ഏറെക്കുറെ നയാഗ്രാ വെള്ളച്ചാട്ടം പോലെയാണ്. വാസ്തവത്തിൽ, അത് നയാഗ്രാ വെള്ളച്ചാട്ടത്തെക്കാൾ അനേകം മടങ്ങു ശബ്ദായമാനമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്നത്തെ ക്രിസ്തുമതം ചത്തതും നിയമബദ്ധവുമാണ്. എന്നാൽ നാം ശബ്ദായമാനമായിരിക്കണം, ചത്തവരായിരിക്കരുത്. എന്നിരുന്നാലും നാം ശബ്ദായമാനമായി പാടുന്നത് ഒരു പ്രകടനമായിരിക്കരുത്; അത് നമ്മുടെ ആത്മാവിൽനിന്നു വരുന്നതായിരിക്കണം. ഉല്ലാസത്തോടെ ഘോഷിക്കണമെന്ന് സങ്കീർത്തനപുസ്തകത്തിൽ കുറഞ്ഞത് എട്ടു പ്രാവശ്യമെങ്കിലും നമ്മോടു പറഞ്ഞിട്ടുണ്ട് (സങ്കീ. 95:1-2; 98:4; 100:1).

ഈ ഘോഷപൂർണ്ണമായ, ഉല്ലാസത്തോടെയുള്ള ശബ്ദം നമ്മുടെ ആത്മാവിൽനിന്ന് സ്വതവേ വരണം. കർത്താവിന്റെ മാധുര്യമുള്ള അനുഭവത്താൽ നാം നിറഞ്ഞിരിക്കുമ്പോൾ നമ്മുടെ ആത്മാവ് വക്കോളം നിറഞ്ഞിരിക്കും. നമ്മുടെ സന്തോഷം ആവിഷ്കരിക്കുവാനുള്ള ഏകമാർഗം കർത്താവിനുവേണ്ടി സന്തോഷകരമായ ശബ്ദം ഉണ്ടാക്കുക എന്നതാണ്. നയാഗ്രാ വെള്ളച്ചാട്ടം വലിയ സമ്മർദ്ദമുള്ള വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുകൊണ്ട് അതിന്റെ ശബ്ദം ഒരു പ്രകടനമല്ല. നാം ഒരുമിച്ചു കൂടുമ്പോൾ നാം ഇങ്ങനെയായിരിക്കണം. അനുഭവത്താൽ മാത്രമേ നമുക്ക് ഇത് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ഞാൻ ഇത് അനുഭവമാക്കിയിട്ടുണ്ടെന്ന് എനിക്ക് സാക്ഷീകരിക്കുവാൻ കഴിയും. ചിലപ്പോൾ, കർത്താവിനെ പാടിയും സ്തുതിച്ചുംകൊണ്ട് നാം ആത്മാവിൽ ഘോഷത്തോടെ ഒരു ശബ്ദം ഉണ്ടാക്കുമ്പോൾ, ഈ ഘോഷപൂർണ്ണമായ ശബ്ദത്തിൽനിന്ന് മധുരകരമായ സംഗീതം പുറത്തേക്കുവരുന്നു. ഇതു നിങ്ങൾ അനുഭവിച്ചിട്ടുണ്ടെങ്കിൽ, ഞാൻ പറയുന്നതിനോട് "ആമേൻ" പറയുവാൻ നിങ്ങൾക്കു കഴിയും. എന്നാൽ, ഈ ശബ്ദം സഹിക്കുവാൻ കഴിയുന്നില്ലെന്ന് പറഞ്ഞ ചിലരെ ഇതു നീരസപ്പെടുത്തിയിട്ടുണ്ട്. എങ്കിലും, ഇത് എന്റെ മാർഗമല്ല, ഇത് കർത്താവിന്റെ മാർഗമാണ്, വേദപുസ്തകപരമായ മാർഗമാണ്. ഇന്ന് ഈ രീതിയിൽ നിങ്ങളെത്തന്നെ അഭ്യസിപ്പിക്കുന്നില്ലെങ്കിൽ, അങ്ങനെ ചെയ്യുവാൻ പിന്നീട് നിങ്ങൾക്കു പഠിക്കേണ്ടിവരും.

Wed

## H. സ്ത്രീകളോടുകൂടെ മാലിനടാത്തവർ

ആദ്യഫലത്തെക്കുറിച്ച്, "അവർ കന്യകമാരായതിനാൽ സ്ത്രീകളോടുകൂടെ മലിനപ്പെടാത്തവർ" എന്ന് വാക്യം 4 പറയുന്നു. നൂറ്റിനാല്പത്തിനാലായിരം എന്ന സംഖ്യ അക്ഷരീയമാണോ ആലങ്കാരികമാണോ എന്ന വാദം ഉള്ളതുപോലെ, ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന കന്യകാത്വത്തിന്റെ ധാരണയെ സംബന്ധിച്ചും ഒരു വാദം ഉണ്ട്. വചനത്തിന്റെ ഈ ഭാഗമനുസരിച്ച്, നൂറ്റിനാല്പത്തിനാലായിരം ജീവിച്ചിരിക്കുന്ന ജയാളികളും കന്യകമാരാണ്. ഈ കന്യകാത്വം അക്ഷരാർഥത്തിലാണെന്ന് ചിലരും, ആത്മികമാണെന്ന് മറ്റുചിലരും പറയുന്നു. ഇവിടെയുള്ള കന്യകാത്വം മത്തായി 19:11-12-ൽ കർത്താവു പരാമർശിച്ച കന്യകാത്വമായിരിക്കണം. എങ്കിലും, ഇതേ തത്ത്വം സഹോദരിമാർക്കും ബാധകമാക്കുവാൻ കഴിയും (1 കൊരി. 7:7, 34, 37). കന്യകാത്വത്തിന്റെ തത്ത്വം ഭൗമികമായ യാതൊന്നിനാലും നാം മലിനമപ്പെടാതിരിക്കണം എന്നതാണ്. ഇതിനെ നാം അക്ഷരാർഥത്തിൽ മാത്രം എടുക്കുന്നുവെങ്കിൽ, സകല സഹോദരിമാരും ഒഴിവാക്കപ്പെടും. എന്നാൽ ജീവിച്ചിരിക്കുന്ന ജയാളികളിൽനിന്നും സഹോദരിമാരെ ഒഴിവാക്കുന്നത് ശരിയല്ല.

ജീവിച്ചിരിക്കുന്ന ഒരു ജയാളിയായിരിക്കുന്നതിന് സകല മലിനതയിൽനിന്നും ദുഷിപ്പിൽനിന്നും കർത്താവിന്റെ കൃപയാൽ നാം കാക്കപ്പെടുകയും കന്യകമാരെപ്പോലെ ഭൂമിയിൽ ജീവിക്കുകയും വേണം. ലൗകികമനുഷ്യരുടെ ദൃഷ്ടിയിൽ നാം സിനിമയ്ക്കു പോകുന്നുണ്ടോ ഇല്ലയോ എന്നത് അല്പകാര്യമാണ്. എന്നാൽ രക്ഷിക്കപ്പെട്ടവരുടെ ദൃഷ്ടിയിൽ ഞാൻ ഒരു സിനിമാശാലയിലേക്കു പോകുന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. ഞാൻ അതു ചെയ്താൽ മലിനപ്പെടും. നാം ഒരു കന്യകാത്വത്തിന്റെ ജീവിതം, ഒരു നിർമ്മലതയുടെ ജീവിതം നയിക്കണം. ഞാൻ പുകവലിക്കുകയോ മദ്യപിക്കുകയോ ചെയ്യാതിരിക്കുന്നതിന്റെ കാരണം ഞാൻ മലിനപ്പെടരുത് എന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. ചില സന്ദർഭങ്ങളിൽ ചില സഹോദരന്മാർ എനിക്ക് ബിയർ കുടിക്കുവാൻ തന്നിട്ടുണ്ട്. എന്നാൽ ഞാൻ എല്ലായ്പ്പോഴും അത് നിരസിച്ചു. കർത്താവിന്റെ കരുണയും കൃപയും അമ്പതു വർഷത്തിലധികം എന്നെ കാത്തുസൂക്ഷിച്ചു. ബിയർ കുടിക്കുന്നതിലൂടെ മലിനമാക്കുന്നതിന് ഞാൻ എന്നെത്തന്നെ അത്ര വിലകുറച്ച് വിൽക്കുകയില്ല. ബിയർ കുടിക്കുന്നത് പാപകരമല്ലായിരിക്കാമെങ്കിലും, ബിയർ കുടിക്കുന്നതിലൂടെ എന്റെ കന്യകാത്വത്തെ മലിനപ്പെടുത്തുവാൻ ഞാൻ അനുവദിക്കുകയില്ല. എന്നാൽ ഇതുപോലുള്ള കാര്യങ്ങളിൽ നിയമബദ്ധരാകരുത്. ബിയർ കുടിച്ചു കൊണ്ടിരിക്കുന്ന സഹോദരന്മാരുടെ സാന്നിധ്യത്തിൽ ഇരിക്കുവാനും ഒട്ടും അസ്വസ്ഥനാകാതിരിക്കുവാനും എനിക്കു കഴിയും. ഇത് തികച്ചും നിയമബദ്ധതയുടെ കാര്യമല്ല; ഇത് കർത്താവിനുവേണ്ടിയുള്ള കന്യകമാരെന്ന നിലയിൽ നമ്മെത്തന്നെ കാത്തുസൂക്ഷിക്കുവാനുള്ള നമ്മുടെ ആഗ്രഹത്തിന്റെ കാര്യമാണ്. "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നതുകൊണ്ട് നിനക്കുവേണ്ടി ഒരു കന്യകയായി ഞാൻ നിലകൊള്ളും. കർത്താവേ, യാതൊന്നിനാലും മലിനപ്പെടുവാനോ ദുഷിപ്പിക്കപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നെത്തന്നെ നിനക്കുവേണ്ടി സൂക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്ന് നാം എല്ലാവരും പ്രാർഥിക്കണം. ഒരു ചെറുപ്പക്കാരനെന്ന നിലയിൽ ഞാൻ ഈ രീതിയിൽ ദിവസംതോറും പ്രാർഥിച്ചു. കർത്താവ് വാസ്തവമായും എന്റെ പ്രാർഥനയ്ക്ക് ഉത്തരം നല്കിയാതിനായി ഞാൻ അവനെ എത്രമാത്രം സ്തുതിക്കുന്നു!

വർഷങ്ങളുടനീളമുള്ള എന്റെ യാത്രയിൽ ഞാൻ വിവിധ സാഹചര്യങ്ങളിൽ ആയിരുന്നിട്ടുണ്ട്. ഈ സാഹചര്യങ്ങളിൽ നിരവധി പ്രലോഭനങ്ങൾ ഉണ്ടായിരുന്നു. കർത്താവിന്റെ കൃപ എന്നെ കാത്തുസൂക്ഷിച്ചുവെന്ന് അപവാദിക്കു മുമ്പിൽപോലും സാക്ഷ്യപ്പെടുത്തുവാൻ എനിക്കു കഴിയും. മിക്ക ഹോട്ടൽ മുറികളിലും ടെലിവിഷൻ ഉണ്ടായിരുന്നുവെങ്കിലും, ഞാൻ

ഒരിക്കൽപോലും ടെലിവിഷൻ ഓൺ ചെയ്തിട്ടില്ലെന്ന് കർത്താവിന് എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കും. ടെലിവിഷൻ കാണുന്നത് എനിക്ക് പാപകരമല്ലായിരുന്നുവെങ്കിലും, ഞാൻ മലിനപ്പെടുമായിരുന്നു. എന്റെ മുറിയിലായിരുന്നപ്പോൾ ഞാൻ പറഞ്ഞു, "കർത്താവേ, ഞാൻ മലിനപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. നിനക്കുവേണ്ടി ഒരു കന്യകയായി കാക്കപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവേ, ഞാൻ ഈ പട്ടണത്തിലേക്കു വന്നത് ടെലിവിഷനുവേണ്ടിയല്ല, നിന്റെ സാക്ഷ്യത്തിനുവേണ്ടിയാണ്. ഞാൻ എന്റെ മുറിയിൽ ചെയ്യുന്നതെന്തെന്ന് സഹോദരീസഹോദരന്മാർ കാണുന്നില്ലെന്ന് എനിക്കറിയാം, എന്നാൽ ഭൂതങ്ങൾക്കു കാണാം." ഞാൻ ടെലിവിഷൻ ഓൺ ചെയ്തിരുന്നുവെങ്കിൽ, കർത്താവായ യേശുവിനുവേണ്ടിയുള്ള എന്റെ സാക്ഷ്യത്തിന് പ്രഭാവം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഞാൻ മലിനപ്പെട്ടില്ലെന്നും കർത്താവായ യേശുവിനുവേണ്ടി ഒരു കന്യകയായി ഞാൻ കാക്കപ്പെട്ടുവെന്നും എന്റെ മനഃസാക്ഷി സാക്ഷീകരിച്ചതുനിമിത്തം, എന്റെ സംസാരത്തിന് പ്രഭാവം ഉണ്ടായിരുന്നു.

കർത്താവിന്റെ രക്ഷയെ നിയമബദ്ധമാക്കുന്നത് പരിതാപകരമാണ്. ചിലത് ചെയ്യുവാൻ നമ്മുടെ സഭ വിലക്കുന്നതുകൊണ്ട് നമുക്ക് ആ കാര്യങ്ങൾ ചെയ്യുവാൻ കഴിയില്ല എന്ന് ഒരിക്കലും പറയരുത്. എത്ര ശോചനീയമായ മനോഭാവം! നമ്മെ സംബന്ധിച്ച് അത് നിയബദ്ധതയുടെ കാര്യമല്ല, പിന്നെയോ കർത്താവിനോടുള്ള സ്നേഹപരമായ വാഞ്ഛയുടെ കാര്യമാണ്. നാം കർത്താവായ യേശുവിനെ സ്നേഹിക്കുകയും അവനുവേണ്ടി ഒരു നിർമല കന്യകയായി കാത്തുസൂക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഞാൻ ഒരു സൂപ്പർമാർക്കറ്റിൽ ആയിരിക്കുമ്പോഴെല്ലാം, മലിനപ്പെടുന്നതിൽനിന്ന് അവൻ എന്നെ കാത്തുസൂക്ഷിക്കേണ്ടതിന് ഞാൻ കർത്താവിലേക്കു നോക്കുന്നു. ഇതാണ് ഒരു കന്യകയായിരിക്കുക എന്നതിന്റെ അർഥം. സഹോദരന്മാർക്കും സഹോദരിമാർക്കും കർത്താവായ യേശുവിനുവേണ്ടിയുള്ള കന്യകമാരായിരിക്കുവാൻ കഴിയും. ഈ രീതിയിൽ നിങ്ങൾ കർത്താവിനോടു പ്രാർഥിക്കുകയും ഒരു കന്യകയെപ്പോലെ ജീവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, സകല "സൂക്ഷ്മജീവികളും" നിങ്ങളുടെ കാൽക്കീഴിലാകും. ഇതാണ് ജീവിച്ചിരിക്കുന്ന ഒരു ജയാളിയായിരിക്കുവാൻ, ആദ്യഫലത്തിൽ ഒരുവാനായിരിക്കുവാനുള്ള മാർഗം.

പന്ത്രണ്ടാം അധ്യായത്തിലുള്ള ജയാളികളും പതിന്നാലാം അധ്യായത്തിലുള്ള ജയാളികളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകാം. പന്ത്രണ്ടാം അധ്യായത്തിൽ നമുക്ക് ആൺകുട്ടിയും, പതിന്നാലാം അധ്യായത്തിൽ നമുക്ക് ആദ്യഫലവും ഉണ്ട്. പന്ത്രണ്ടാം അധ്യായത്തെക്കുറിച്ചുള്ള

ദൂതുകളിൽ ആൺകുട്ടി സാത്താനോട് യുദ്ധംചെയ്യുന്നതിനും അവനെ പരാജയപ്പെടുത്തുന്നതിനും വേണ്ടിയാണെന്ന് നാം വ്യക്തമായി കണ്ടു. തന്മൂലം, ആൺകുട്ടി ശത്രുവിനോട് ഇടപെടുന്നു. ആദ്യഫലം യുദ്ധത്തിനുവേണ്ടിയല്ല, അത് ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സംതൃപ്തിക്കു വേണ്ടിയാണ്. ദൈവത്തിനും കുഞ്ഞാടിനും ആസ്വാദനം ആവശ്യമാണ്. ജീവിച്ചിരിക്കുന്ന ജയാളികളായ നാം ആസ്വാദനത്തിനുവേണ്ടിയുള്ള അവരുടെ ആവശ്യത്തെ തൃപ്തിപ്പെടുത്തുന്ന ആദ്യഫലമായിരിക്കണം.

സ്വർഗത്തിലുള്ള പിശാചെന്ന ശത്രുവിന്മേൽ കർത്താവിന്റെ ന്യായവിധി നടപ്പാക്കുന്ന ആൺകുട്ടിയാൽ അവൻ താഴേക്ക് എറിയപ്പെടണം. ഇതാണ് ആൺകുട്ടിയുടെ പ്രവർത്തനം. എന്നാൽ സ്വർഗത്തിൽ മറ്റൊരു ആവശ്യമുണ്ട്—ദൈവം സംതൃപ്തനായിരിക്കണം. ദൈവം വിശന്നും ദാഹിച്ചും ഇരിക്കുന്നു. അവന്റെ സംതൃപ്തിക്കുവേണ്ടി രുചിക്കുവാൻ ചില ആദ്യഫലത്തെ അവൻ ആഗ്രഹിക്കുന്നു.

ഇവിടെ നാം വീണ്ടും കർത്താവിന്റെ സർവാധികാരമുള്ള ജ്ഞാനത്തെ കാണുന്നു. നൂറ്റാണ്ടുകളിലുടനീളം മരിച്ചുപോയ ജയാളികൾ പോരാളികളായ ആൺകുട്ടിയായിരിക്കും. ഭൂമിയിൽ ജീവിച്ചിരിക്കുന്നവരായ നാമും ശത്രുവിനോട് യുദ്ധം ചെയ്യണമെങ്കിലും, എല്ലാ സമയവും അവനോട് യുദ്ധം ചെയ്യേണ്ട ആവശ്യമില്ല. അല്പസമയം സാത്താനോടു പ്രസംഗിച്ചശേഷം, നാം അവനെക്കുറിച്ചു മറന്നുകളയണം. ശത്രു കൗശലക്കാരനാണ്. നിങ്ങൾ അവനോടു പ്രസംഗിക്കുന്നത് ആരംഭിച്ചുകഴിഞ്ഞാൽ, "എന്റെ മുഖം വളരെ കട്ടിയുള്ളതായിത്തീർന്നിരിക്കുന്നു, എനിക്ക് ലജ്ജാബോധം ഒട്ടുമില്ല. എല്ലാ സമയവും നീ എന്നോടു പ്രസംഗിക്കുന്നത് കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു" എന്നു പറഞ്ഞുകൊണ്ട് അവനോട് സ്ഥിരമായി പ്രസംഗിക്കുവാൻ അവൻ നിങ്ങളെ ആകർഷിക്കും. കർത്താവിനെ സ്നേഹിക്കുന്നതിൽനിന്നും നിങ്ങളെ വ്യതിചലിപ്പിക്കുവാൻ അവൻ ഇതു ചെയ്യും. അതുകൊണ്ട്, കുറച്ചു സമയം പിശാചിനോടു പ്രസംഗിച്ചതിനുശേഷം നിങ്ങൾ പറയണം, "പിശാചേ, നിന്നോടു പ്രസംഗിക്കുവാൻ എന്റെ പക്കൽ സമയമില്ല. പകരം, ഞാൻ എന്റെ കർത്താവിനെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് അവനോടു പറയുവാൻ എന്റെ സമയം ഉപയോഗിക്കും. സ്നേഹിക്കുന്ന രീതിയിൽ എന്റെ കർത്താവിനോടുകൂടെ തുടരുവാൻ ഞാൻ ആഗ്രഹിക്കുന്നു. സാത്താനേ, നീ കർത്താവിന്റ ശത്രുവും എന്റെയും ശത്രുവും ആണ്. ഞാൻ നിന്നോട് വേണ്ടുവോളം പ്രസംഗിച്ചുകഴിഞ്ഞു. കടന്നുപോ—എന്റെ കർത്താവുമായി എനിക്ക് മധുവിധു ആസ്വദിക്കുവാനുള്ള സമയമാണിത്." ഈ തന്ത്രം പഠിക്കുക. വളരെനേരം സാത്താനോടു പ്രസംഗിക്കരുത്. അല്പസമയം

പ്രസംഗിച്ചതിനുശേഷം നിങ്ങൾ നിർത്തുകയും, "കർത്താവേ, നിന്നെ നോക്കുന്നതും നിന്നോടു സംസാരിക്കുന്നതും ഞാൻ ആസ്വദിക്കുന്നു. കർത്താവേ, നിന്നെ തൃപ്തനാക്കുവാനും, നിന്നോട് ഒന്നായിരിക്കുവാനും, നിന്റെ സാന്നിധ്യത്തിൽ ജീവിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് നിങ്ങളുടെ സമയം കർത്താവിനെ സ്നേഹക്കുന്നതിൽ ചിലവഴിക്കുക. ദൃഢബദ്ധമായ മാർഗത്തിൽ കർത്താവായ യേശുവിനെ സ്നേഹിക്കുന്നതിന് സമയം ചെലവാക്കുവാൻ പഠിക്കുക. നിങ്ങൾക്ക് അങ്ങനെയൊരു സമയം ഇതുവരെ ഉണ്ടായിരുന്നിട്ടില്ലെങ്കിൽ, നിങ്ങൾ കുറവുള്ളവനാണ്. കേവലം പാപമില്ലാതിരിക്കുന്നതു പര്യാപ്തമല്ല. നല്ലവനോ നേരുള്ളവനോ മാത്രയിരിക്കുന്നതും മതിയായതല്ല. നാം കർത്താവുമായി സ്നേഹത്തിലായിരിക്കണം. *സ്നേഹത്തിൽ* എന്ന പ്രയോഗം ഞാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലും, അങ്ങനെ ഉപയോഗിക്കുവാൻ ഞാൻ നിർബന്ധിക്കപ്പെടുന്നു. "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നിനക്കറിയാം. ഞാൻ നിന്നെ സ്നേഹിക്കുന്നതുകൊണ്ട്, കർത്താവേ, ചില കാര്യങ്ങൾ ഞാൻ ചെയ്യുകയില്ല" എന്ന് അവനോടു പറഞ്ഞുകൊണ്ട് കർത്താവായ യേശുവുമായി നാം എല്ലാവരും പ്രണയത്തിലായിക്കണം. ഇതാണ് ജീവിച്ചിരിക്കുന്ന ഒരു ജയാളിയായിരിക്കുവാനുള്ള മാർഗം. കർത്താവിന് തന്റെ ശത്രുവിനോട് യുദ്ധംചെയ്യുവാൻ തീർച്ചയായും ആൺകുട്ടിയുടെ ആവശ്യമുണ്ടെങ്കിലും, അതിലുപരി, അവന്റെ സംതൃപ്തിയായിരിക്കുവാൻ അവന്റെ പ്രണയികളായ ആദ്യഫലം അവന് ആവശ്യമാണ്.

Thu മുൻകുറി അനുസരിച്ച്, ആദ്യഫലം കൃഷിക്കാരന്റെ വീട്ടിലേക്കല്ല, ദൈവത്തിന്റെ സംതൃപ്തിക്കുവേണ്ടി ആലയമെന്ന ദൈവഭവനത്തിലേക്കാണ് കൊണ്ടുപോകുന്നത്. ആദ്യഫലമായ കർത്താവായ യേശുവിന്റെ കാര്യത്തിലും അത് അങ്ങനെ തന്നെയായിരുന്നു (1 കൊരി. 15:20, 23). അവന്റെ പുനരുത്ഥാനത്തിന്റെ പ്രഭാതത്തിൽ തന്നെ സ്പർശിക്കുവാൻ കർത്താവു മറിയയെ അനുവദിച്ചില്ല. അവൻ പറഞ്ഞു, "എന്നെ തൊടരുത്, എന്തെന്നാൽ ഞാൻ ഇതുവരെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല" (യോഹ. 20:17). "എന്നെ തൊടരുത്, കാരണം എന്റെ പുനരുത്ഥാനത്തിലുള്ള എന്റെ പുതുമയെ എന്റെ പിതാവിന് അർപ്പിക്കണം. എന്റെ പുനരുത്ഥാനത്തിന്റെ പുതുമ ആദ്യം ആസ്വദിക്കുന്നത് എന്റെ പിതാവായിരിക്കണം" എന്ന് അവൻ പറഞ്ഞതായി തോന്നുന്നു. കർത്താവിന്റെ ആസ്വാദനത്തിനുവേണ്ടി നാം എല്ലാവരും നമ്മെത്തന്നെ പുതുമയുള്ളതും, ദൃഢബദ്ധവും, സ്നേഹപരവുമായ രീതിയിൽ അർപ്പിക്കുവാൻ പഠിക്കേണ്ടതുണ്ട്. എന്തിനെയെങ്കിലുംകുറിച്ചുള്ള ഭയംനിമിത്തം ചില കാര്യങ്ങൾ

ചെയ്യുന്നതോ തൊടുന്നതോ നിങ്ങൾ നിഷേധിക്കുന്നുവെങ്കിൽ, നിങ്ങൾ കർത്താവിന്റെ ഒരു പ്രണയി ആയിരിക്കുന്നതിന്റെ ഉന്നതപ്രതലത്തിലല്ല. മറിച്ച്, നിങ്ങൾ ഏറ്റവും താണ നിലയിൽ താഴെയാണ്. ഭയംമൂലമല്ല, കർത്താവിനോടുള്ള സ്നേഹംനിമിത്തം ചില കാര്യങ്ങൾ ചെയ്യുന്നത് നിരസിച്ചുകൊണ്ട് നാം ഏറ്റവും ഉന്നതപ്രതലത്തിൽ ആയിരിക്കണം. സഹോദരിമാർ തങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിക്കുന്നതുകൊണ്ട്, അവരുടെ മാതാപിതാക്കളുടെ അടുക്കലേക്ക് വീട്ടിൽ പോകുന്നതിനുപകരം തങ്ങളുടെ ഭർത്താക്കന്മാരോടുകൂടെയായിരിക്കുവാൻ ആഗ്രഹിക്കുന്നു. അതുപോലെ, ഞാൻ കർത്താവിനെ സ്നേഹിക്കുന്നതുകൊണ്ട്, ചില കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് അകന്നുനിൽക്കും. അവ ചെയ്യുവാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ട്, അവ ചെയ്യുന്നത് തെറ്റായിരിക്കണമെന്നുമില്ല; എങ്കിലും, കർത്താവായ യേശുവിനോടുള്ള എന്റെ സ്നേഹംനിമിത്തം ഞാൻ അവ ചെയ്യുകയില്ല. ഇതാണ് വചനത്തിലെ ഈ ഭാഗത്തിന്റെ യഥാർഥ അർഥം.

നാം വാക്യം 4-ലെ തത്ത്വം പിന്തുടരണം. സഹോദരിമാരും സഹോദരന്മാരുമായ നാം ഒരുപോലെ, അവന്റെ കൃപയാൽ അവനുവേണ്ടി നമ്മെ അവൻ കാത്തുസൂക്ഷിക്കുന്നതിന് അവന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് നമ്മുടെ കന്യകാത്വം നാം കാക്കണം എന്നതാണ് ഈ തത്ത്വം. നാം പോരാളികൾ മാത്രമല്ല, കർത്താവിന്റെ സംതൃപ്തിക്കുവേണ്ടി നേരത്തേ വിളയുന്ന ആദ്യഫലവും ആയിരിക്കണം. "കർത്താവേ, നിന്റെ സംതൃപ്തിക്കുവേണ്ടി ഞാൻ നേരത്തേ വിളയുവാൻ ആഗ്രഹിക്കുന്നു. കർത്താവേ, എന്റെ ഉൾപ്രാപണത്തിനുവേണ്ടി ഞാൻ കരുതുന്നില്ല—നിന്റെ സംതൃപ്തിക്കുവേണ്ടി ഞാൻ കരുതുന്നു. നിന്നെ തൃപ്തിപ്പെടുത്തുവാൻ എനിക്ക് സ്വർഗത്തിലേക്ക് എടുക്കപ്പെടണം. കർത്താവേ, എനിക്കു നിന്നെ തൃപ്തിപ്പെടുത്തുവാൻ കഴിയുന്നിടത്തോളം ഞാൻ ഭൂമിയിലാണോ സ്വർഗത്തിലാണോ എന്നത് എനിക്ക് യാതൊരു വ്യത്യാസവും വരുത്തുന്നില്ല" എന്നു നാം പറയണം. ഇതാണ് ജീവിച്ചിരിക്കുന്ന ജയാളികളുടെ മനോഭാവം.

ആദ്യഫലത്തിന് അവർ എവിടെയായിരിക്കുന്നു എന്നത് ബാധകമല്ലാത്തതുകൊണ്ട്, അവർ എടുക്കപ്പെട്ടു എന്ന് നമ്മോടു പറയുന്നില്ല; പകരം, നൂറ്റിനാല്പത്തിനാലായിരം ആദ്യഫലം കുഞ്ഞാടിനോടുകൂടെ സീയോൻമലയിൽ നിൽക്കുന്നുവെന്നുമാത്രം നമ്മോടു പറഞ്ഞിരിക്കുന്നു. ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ഇത് ഭൂമിയിലെ സീയോനല്ല, സ്വർഗത്തിലെ സീയോനാണ്. നിങ്ങൾ ജീവിച്ചിരിക്കുന്ന ജയാളികളിൽ ഒരുവനാണെങ്കിൽ, നിങ്ങൾ എടുക്കപ്പെട്ടുവോ ഇല്ലയോ എന്നത് യാതൊരു വ്യത്യാസവും നിങ്ങളിൽ വരുത്തുകയില്ല. നിങ്ങൾ കർത്താവിന്റെ സന്നിധിയിൽ

ആയിരിക്കുന്നതുകൊണ്ട് ഉൾപ്രാപണം ഒരു ആശ്ചര്യമായി വരികയില്ല. നിങ്ങൾ ഇവിടെ ഭൂമിയിൽ അവന്റെ സന്നിധിയിലായിരിക്കുന്നതോ അവിടെ സീയോൻമലയിൽ ആയിരിക്കുന്നതോ നിങ്ങൾക്ക് വിഷയമല്ല. നിങ്ങൾ അവിടെ എത്തുമ്പോൾ ആശ്ചര്യപ്പെടുകയില്ല. "ഓ, ഞാൻ ഇവിടെ കർത്താവിനോടുകൂടെയാണ്. ഞാൻ അവന്റെ സന്നിധിയിലാണ്!" എന്നു പറയുന്നത് തെറ്റായിരിക്കും. ആദ്യഫലമായി എടുക്കപ്പെടുന്നവർക്ക് ആശ്ചര്യത്തിന്റെ യാതൊരു അനുഭൂതിയും ഉണ്ടായിരിക്കുകയില്ല. മറിച്ച്, അവർ പറയും, "കർത്താവായ യേശുവേ, വർഷങ്ങളായി തുടർച്ചയായി ഞാൻ നിന്റെ കൂടെയായിരുന്നു. കർത്താവേ, ഞാൻ അനഹേമിലാണോ മൂന്നാം സ്വർഗത്തിലാണോ എന്നത് ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല." പുറത്തുള്ളവർക്ക്, നിങ്ങൾ സീയോൻമലയിൽ നിൽക്കുന്നത് ഒരു ആശ്ചര്യമായി ഭവിക്കുമെങ്കിലും, നിങ്ങൾക്ക് അതൊരു ആശ്ചര്യമായിരിക്കരുത്. അത് ഒരു സാധാരണ അനുഭവമായിരിക്കണം. അനേകം വർഷങ്ങളായി നിങ്ങളുടെ ഭർത്താവിൽനിന്നും നിങ്ങൾ അകന്നിരിക്കുകയായിരുന്ന ുവെങ്കിൽ, അവനെ കാണുമ്പോൾ വികാരവിക്ഷോഭത്താൽ നിങ്ങൾ "ഉന്മത്ത" ആയിരിക്കും. എന്നാൽ എല്ലാ സമയത്തും നിങ്ങൾ അവനോടുകൂടെയാണെങ്കിൽ, നിങ്ങൾ തീർച്ചയായും അത്ര "ഉന്മത്ത" ആയിരിക്കുകയില്ല. നിങ്ങൾ വാസ്തവമായും കർത്താവിനെ സ്നേഹിക്കുന്നുവോ? അവനിൽ ഒരു കന്യകയായി കാക്കപ്പെട്ടുകൊണ്ട്, ഈ നിമിഷം അവനുമായി ദൃഢബദ്ധമായ കൂട്ടായ്മയിലാണോ? അങ്ങനെയാണെങ്കിൽ, ഉൾപ്രാപണം ഒരു ആശ്ചര്യമായി വരികയില്ല; അത് ഒരു സാധാരണ അനുഭവമായിരിക്കും.

ആദ്യഫലത്തെക്കുറിച്ചുള്ള ഈ വാക്യങ്ങൾ ഒരുതരത്തിലുള്ള ഉൾപ്രാപണത്തെ ചൂണ്ടിക്കാണിക്കുന്നുവെങ്കിലും, അവ വാസ്തവത്തിൽ ഉൾപ്രാപണത്തെക്കുറിച്ച് യാതൊന്നും പറയുന്നില്ല. ആൺകുട്ടി "എടുക്കപ്പെട്ടു" എന്നും എന്നാൽ ആദ്യഫലം കുഞ്ഞാടിനോടുകൂടെ സീയോൻമലയിൽ നിൽക്കുന്നുവെന്നും നമ്മോടു പറഞ്ഞിരിക്കുന്നു. നിങ്ങൾ എപ്പോൾ അവിടെ എത്തി എന്ന് അവരോട് ചോദിക്കുന്നുവെങ്കിൽ, അവർ പറയും, "ഞങ്ങൾ ഇവിടെയാണ്. വർഷങ്ങളായി ഞങ്ങൾ കർത്താവിന്റെ സന്നിധിയിലായിരുന്നതുകൊണ്ട് ഇവിടെ ആയിരിക്കുന്നതിനെക്കുറിച്ച് ഞങ്ങൾക്ക് പ്രത്യേകമായ ഒരു അനുഭൂതിയും ഇല്ല. വളരെക്കാലമായി ഞങ്ങൾ ഈ അന്തരീക്ഷത്തിൽ ജീവിച്ചിരിക്കുന്നു." ഇതാണ് ജീവിച്ചിരിക്കുന്ന ജയാളികളുടെ ഉൾപ്രാപണം. പിതാവായ ദൈവത്തിന്റെയും വീണ്ടെടുപ്പുകാരനായ കുഞ്ഞാടിന്റെയും വിശപ്പിനെ തൃപ്തിപ്പെടുത്തുന്ന ഇവരാണ് ആദ്യഫലം. ദൈവത്തിന്റെ വിളവിൽ നേരത്തേ പാകമായവർ യുദ്ധംചെയ്യുന്നതിനുവേണ്ടിയല്ല, അവർ സംതൃപ്തിക്കുവേണ്ടിയാണ്.

## I. അവരുടെ വായിൽ കളവൊന്നും കണ്ടെത്തിയില്ല

"അവരുടെ വായിൽ കളവൊന്നും കണ്ടെത്തിയില്ല" എന്ന് ആദ്യഫലത്തെക്കുറിച്ച് വാക്യം 5 പറയുന്നു. കളവ് സാത്താന്റെ ആവിഷ്കാരവും പ്രാതിനിധ്യവും ആണ്. പിശാച് എല്ലാ നുണയന്മാരുടെയും പിതാവാണ്, കളവുകൾ അവനിൽനിന്നു വരുന്നു (യോഹ. 8:44). ജയാളികളുടെ വായിൽ കളവൊന്നും കണ്ടെത്തിയില്ല എന്നത് അവരുടെ ആവിഷ്കാരത്തിൽ സാത്താന്റേതായ യാതൊന്നും ഉണ്ടായിരുന്നില്ല എന്നു സൂചിപ്പിക്കുന്നു. നാം കർത്താവിനെ സ്നേഹിക്കുന്ന ഒരു ജീവിതം നയിക്കുന്നുവെങ്കിൽ, നമ്മുടെ വായിൽനിന്നും നുണയോ വ്യാജമോ ആയ യാതൊന്നും പുറപ്പെടുകയില്ല. ഇതു പറയുവാൻ ഞാൻ വിമുഖതയുള്ളവനാണെങ്കിലും, വർഷങ്ങളായി യഥാർഥ ക്രിസ്ത്യാനികളുടെ നുണ ഞാൻ സഹിച്ചിട്ടുണ്ട്. എത്ര ലജ്ജാകരം! കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നമ്മുടെ വായിൽ യാതൊരു നുണയും വ്യാജവും ഉണ്ടായിരിക്കരുത്. നാം "അതെ" എന്നു പറയുമ്പോൾ നാം അർഥമാക്കുന്നത് അതെ എന്നും, "അല്ല" എന്നു നാം പറയുമ്പോൾ നാം അർഥമാക്കുന്നത് അല്ല എന്നുമാണ്. അതെ എന്നോ അല്ല എന്നോ വ്യക്തമായ ഒരു ഉത്തരം നല്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, നാം യാതൊന്നും പറയരുത്. നമ്മുടെ വായിൽനിന്നും നുണയോ വ്യാജമോ പുറത്തു വരാതിരിക്കത്തക്കവണ്ണം അങ്ങനെയുള്ള ഒരു കാര്യത്തിൽ യാതൊന്നും പറയാതിരിക്കുവാൻ നമ്മുടെ ജ്ഞാനത്തെ നാം പ്രയോഗിക്കണം. നമുക്ക് നുണയനും നുണകളുടെ സ്രോതസ്സുമായ സാത്താനുമായി യാതൊരു കാര്യവും ഇല്ല.

## J. കളങ്കമില്ലാത്തവർ

ആദ്യഫലം കളങ്കമില്ലാത്തവരാണെന്നും വാക്യം 5 പറയുന്നു. അവർ കറയോ ചുളുക്കമോ ഇല്ലാതെ (എഫെ. 5:27) ദൈവത്തിന്റെ വിശുദ്ധിയിൽ തികഞ്ഞവരും, ദൈവത്തിന് പൂർണമായി വിശുദ്ധീകരിക്കപ്പെട്ടവരും ദൈവത്തെക്കൊണ്ട് സാന്ദ്രീകരിക്കപ്പെട്ടവരും ആണെന്ന് ഇതു സൂചിപ്പിക്കുന്നു (1 തെസ്സ. 5:23).

## K. കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവനെ അനുഗമിക്കുന്നു

നൂറ്റിനാല്പത്തിനാലായിരം ആദ്യഫലം "കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു" (വാ. 4). കുഞ്ഞാട് നമ്മെ അനുഗമിക്കുകയല്ല, പിന്നെയോ **അവൻ പോകുന്നേടത്തൊക്കെയും നാം അവനെ അനുഗമിക്കുകയാണ്. അവൻ പോകുന്നേടത്തൊക്കെയും അവനെ അനുഗമിക്കുന്ന പാഠം നാം പഠിക്കണം.**